## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം
## നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ – 484
## 01.07.2014-ലെ മറുപടിക്ക്

### ട്രഷറി കമ്പ്യൂട്ടർവൽക്കരണം

| | ചോദ്യം | ഉത്തരം |
|---|---|---|
| | ശ്രീ. വർക്കല കഹാർ<br>ശ്രീ. കെ. മുരളീധരൻ<br>ശ്രീ. ജോസഫ് വാഴക്കൻ<br>ശ്രീ. എ.റ്റി.ജോർജ്ജ് | ബഹു: ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി<br>ശ്രീ. കെ.എം. മാണി |
| (എ) | ട്രഷറികൾ കമ്പ്യൂട്ടർവൽക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നു വിശദമാക്കുമോ; | കേരളത്തിലെ ട്രഷറികൾ പൂർണ്ണമായും കമ്പ്യൂട്ടർവത്ക്കരിച്ചിട്ടുണ്ട്. |
| (ബി) | ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ വ്യക്തമാക്കുമോ; | ട്രഷറി ഇടപാടുകൾ കൂടുതൽ വേഗത്തിലും സുതാര്യവും ആയി മാറും. സർക്കാരിന്റെ വരവ് ചെലവുകൾ യഥാസമയം അറിയാൻ കഴിയുന്നതുകൊണ്ട് മെച്ചപ്പെട്ട ധനമാനേജ്മെന്റും കൃത്യമായ ആസൂത്രണവും സാധ്യമാകും. ഇത് സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങളെ ത്വരിതപ്പെടുത്തുകയും മികവുറ്റ ധനാസൂത്രണത്തിലൂടെ കൂടുതൽ ഫലപ്രാപ്തി കൈവരിക്കുവാനും സാധിക്കും. |
| (സി) | ആരെല്ലാമാണ് പ്രസ്തുത നടപടിയുമായി സഹകരിക്കുന്നതെന്ന് വിശദമാക്കുമോ; | (സി) NIC, BSNL, Kerala State IT Mission. തുടങ്ങിയ സ്ഥാപനങ്ങളെയാണ് ഇതുമായി സഹകരിപ്പിക്കുന്നത്. ട്രഷറി കമ്പ്യൂട്ടർവത്ക്കരണത്തിനാവശ്യമായ സോഫ്റ്റ്വെയർ നിർമ്മിച്ചു നൽകുന്നത് കേന്ദ്രസർക്കാർ സ്ഥാപനമായ NIC-യാണ്. ട്രഷറികളെ തമ്മിൽ ബന്ധിപ്പിക്കുന്ന നെറ്റ്വർക്കിംഗ് BSNL മുഖേനയാണ് നടപ്പിലാക്കുന്നത്. സംസ്ഥാന IT മിഷന്റെ നിയന്ത്രണത്തിലുള്ള State Data Centre-ലാണ് ട്രഷറിയുടെ സെൻട്രൽ സെർവർ സ്ഥാപിച്ചിട്ടുള്ളത്. |

| | | |
|---|---|---|
| (ഡി) | ട്രഷറി കമ്പ്യൂട്ടർവൽക്കരണം മൂലം ജനങ്ങൾക്ക് എന്തെല്ലാം സൗകര്യങ്ങളാണ് ലഭിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (ഡി) ട്രഷറി ഇടപാടുകൾ കൂടുതൽ വേഗത്തിലും സുതാര്യവും ആയി മാറും. കോർബാങ്കിംഗ് ഏർപ്പെടുത്തുന്നതോടുകൂടി സേവിംഗ്സ് ബാങ്ക് അക്കൗണ്ടുള്ള വ്യക്തിക്ക് കേരളത്തിലെ ഏതു ട്രഷറിയിൽ നിന്നും ഇടപാടുകൾ നടത്തുവാൻ സാധിക്കും. ഇ-ട്രഷറി (ഗ്രാസ്) ഏർപ്പെടുത്തുന്നതോടുകൂടി ഇടപാടുകാർക്ക് ലോകത്തെവിടെ നിന്നും ഏതു സമയത്തും സർക്കാരിലേക്ക് പണം ഒടുക്കുവാൻ സാധിക്കും. |
| (ഇ) | ആയതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ? | ട്രഷറി ആധുനികവത്ക്കരണത്തിന്റെ ഭാഗമായി പുതിയ പദ്ധതികൾ നടപ്പിലാക്കുന്നതിന് ആധുനിക സാങ്കേതിക സംവിധാനങ്ങളോടുകൂടിയ പുതിയ സെൻട്രൽ സെർവ്വർ സ്ഥാപിച്ചു കഴിഞ്ഞു. ട്രഷറികളെ തമ്മിൽ ബന്ധിപ്പിക്കുന്നതിനായി ട്രഷറി നെറ്റ്വർക്കിംഗിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു. ഇതിന്റെ ആദ്യഘട്ടമായി BSNL-മായി സഹകരിച്ച് VPN നെറ്റ്വർക്കിംഗ് സംവിധാനം ഏർപ്പെടുത്തി. പുതിയ പദ്ധതികൾക്കാവശ്യമായ സോഫ്റ്റ്വെയറുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്. |

അക്കൗണ്ട്സ് ഓഫീസർ.